ഖുത്ബ
9.6.2006
മാൽമാർക്കറ്റ്, മാൻഹൈം, ജർമ്മനി

# മുബല്ലിഗും അമീറും മറ്റു ഭാരവാഹികളും മാതൃകായോഗ്യരാവുക

يٰٓاَيُّهَا الَّذِيْنَ اٰمَنُوْٓا اَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ وَ
اُولِي الْاَمْرِ مِنْكُمْ فَاِنْ تَنَازَعْتُمْ فِيْ شَيْءٍ فَرُدُّوْهُ
اِلَى اللّٰهِ وَالرَّسُوْلِ اِنْ كُنْتُمْ تُؤْمِنُوْنَ بِاللّٰهِ وَالْيَوْمِ
الْاٰخِرِ ذٰلِكَ خَيْرٌ وَّاَحْسَنُ تَاْوِيْلًا ۝٦٠

**ജ**മാഅത്ത് വ്യവസ്ഥിതി നടപ്പിൽവരുത്തുന്നതിന് ഏകനിറമുണ്ടാകേണ്ടത് നിർബന്ധമായതുകൊണ്ടാണ് അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്തിനോടുള്ള അനുസരണത്തിലും ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണത്തിലും അധികമായ സമ്മർദ്ദം ചെലുത്തുന്നത്. ഇക്കാലഘട്ടത്തിൽ മസീഹ് മൗഊദ് വന്നതിനുശേഷം ***മിൻഹാജിന്നുബുവ്വത്തിന്റെ*** സരണിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകേണ്ടതാണെന്ന് നബി(സ) തിരുമേനി പറയുകയുണ്ടായി. അത് എന്നെന്നും നിലനില്ക്കുന്ന ഖിലാഫത്താണ്. ഇതിനെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞു: "രണ്ടാമത്തെ ശക്തിപ്രഭാവം കാണേണ്ടതും നിങ്ങൾക്കു നിർബന്ധമാണ്. അതിന്റെ വരവ് നിങ്ങൾക്ക് ഉത്തമമാണ്. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. ഇതിന്റെ പരമ്പര ഖിയാമത്തു നാൾവരെ മുറിഞ്ഞുപോകുകയില്ല. വീണ്ടും അവിടന്ന് പറഞ്ഞു: അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ജമാഅത്തിനെ അറിയിക്കുക, വിശ്വസിച്ചവർ, എന്നുവെച്ചാൽ, ഭൗതികതയുടെ ചേറ് പുരണ്ടിട്ടില്ലാത്ത സത്യവിശ്വാസം, കാപട്യവും ഭീരുത്വവും കൊണ്ട് മലീമസമായിട്ടില്ലാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ ഒരു മേഖലയും ഒഴിഞ്ഞുപോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ആരോ അവർ ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. അവരത്രെ സത്യത്തിന്റെ പാതയിൽ പദമൂന്നിയവർ."

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഈ അനശ്വരമായ ശക്തിപ്രഭാവത്തോടൊപ്പം ബന്ധപ്പെട്ടിരിക്കുന്നതിനും അവിടത്തെ ജമാഅത്തുമായി ചേർന്നിരിക്കുന്നതിനും ഖിലാഫത്തുമായിബന്ധപ്പെട്ടിരിക്കുന്നതിനും വേണ്ടി അനുസരണത്തിന്റെ ഉന്നതമായനില നാട്ടേണ്ട ആവശ്യമുണ്ട്. ഇതിൽനിന്ന് പുറത്തുപോകുക എന്ന വിചാരംപോലും ഒരു അഹ്മദിയ്ക്കും ഉണ്ടാകാൻ പാടില്ല. ജമാഅത്തുവ്യവസ്ഥിതിയ്ക്കെതിരെ പരാതി ഉയരുന്ന ഒരുപാട് സന്ദർഭങ്ങളുണ്ടാകാം. ഓരോരുത്തർക്കും അവരുടേതായ ചിന്താഗതിയും വിചാരവുമുണ്ടാകും. ഏതുകാര്യത്തിലും അഭിപ്രായവും വിഭിന്നങ്ങളാകാം. ഏതെങ്കിലും പ്രവൃത്തി ചെയ്യാനുള്ള രീതിയിലും അഭിപ്രായഭിന്നതയുണ്ടാകാം. പക്ഷേ, ജമാഅത്ത് വ്യവസ്ഥിതിയുടേയും, ഖിലാഫത്ത് വ്യവസ്ഥിതിയുടേയും കെട്ടുറപ്പിനായി ജമാഅത്ത് വ്യവസ്ഥിതിയുടെ തീരുമാനത്തെ, അല്ലെങ്കിൽ അമീറിന്റെ തീരുമാനത്തെ അംഗീകരിക്കുക എന്നത്, കാലത്തിന്റെ ഖലീഫ ആ തീരുമാനത്തോടു യോജിച്ചതുകൊണ്ടും തനിക്കു വേണ്ടി തീരുമാനമെടുക്കാൻ അമീറിനെ ഖലീഫ ചുമതലപ്പെടുത്തിയതുകൊണ്ടും നിർബന്ധമാണ്. എടുത്ത തീരുമാനം തെറ്റാണെന്നും അതുമുഖേന ജമാഅത്തിന് കോട്ടം ഉണ്ടാകുമെന്നും ആർക്കെങ്കിലും തോന്നിയാൽ, കാലത്തിന്റെ ഖലീഫയെ അറിയിക്കുക എന്നതുതന്നെ മതിയായതാണ്. പിന്നീട് കാലത്തിന്റെ ഖലീഫ അതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യട്ടെ. അല്ലാഹുതആല അദ്ദേഹത്തെ ഉത്തരവാദിയും സൂക്ഷിപ്പുകാരനുമാക്കിയിരിക്കുന്നു. ഖലീഫ, ഖിലാഫത്ത് സ്ഥാനത്ത് തന്റെ ഇഷ്ടത്താലല്ല വരുന്നത്. മറിച്ച്, അല്ലാഹുവാണ് ആ സ്ഥാനത്ത് അദ്ദേഹത്തെ അവരോധിക്കുന്നത്. അങ്ങനെ വരുമ്പോൾ, തെറ്റായ തീരുമാനമുണ്ടായാൽപോലും അല്ലാഹു അതിന് സൽഫലമുളവാക്കുന്നതാണ്. കാരണം, ഖിലാഫത്തു കാരണത്താൽ സത്യവിശ്വാസികളുടെ ഭയാവസ്ഥ, സമാധാനത്തിലേക്ക് മാറ്റുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. സത്യവിശ്വാസികളുടെ ജോലി അല്ലാഹുവിനെ ആരാധിക്കുകയും, അവന്റെ കല്പനകൾ ജീവിതത്തിൽ പാലിക്കുകയും അവന്റെ റസൂലിന്റെ കല്പനകൾ പിൻപറ്റാൻ ശ്രമിക്കുകയും ചെയ്യുക എന്നതുമാത്രമാണ്. നബി തുടങ്ങി വെച്ച വ്യവസ്ഥിതി നടപ്പിൽവരുത്താൻ ഖലീഫ ജമാഅത്തിനെ ഉപദേശിക്കുകയും ശരീഅത്തിന്റെ കല്പനകൾ നടപ്പിൽവരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അദ്ദേഹത്തെയും അദ്ദേഹം ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥിതിയേയും അനുസരിക്കുക. ജമാഅത്തംഗങ്ങളുടെ ഈ പരിപൂർണ്ണമായ അനു

സരണത്തിലും അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞു കൊണ്ടും അവനോടു സഹായം ചോദിച്ചുകൊണ്ടും കാലത്തിന്റെ ഖലീഫ എടുക്കുന്ന തീരുമാനങ്ങളിലും, തന്റെ ജമാഅത്തിന്റെ ഈമാൻ പ്രബലപ്പെടുത്തുന്ന തിനും താൻ സൃഷ്ടിച്ച ഖലീഫ ലോകത്തിന്റെ മുമ്പിൽ അപമാനിതനാകുന്നതിൽനിന്ന് രക്ഷപ്പെടുന്നതിനു മായി അദ്ദേഹം വിധിച്ച വിധിയിൽ അല്ലാഹു അനു ഗ്രഹം ചൊരിയുന്നതാണ്. ബലഹീനതകൾ മറച്ചുവ യ്ക്കുന്നതാണ്. തന്റെ അനുഗ്രഹത്താൽ നല്ല ഫലമു ളവാക്കുന്നതാണ്. ജമാഅത്തെന്നനിലയിൽ, അല്ലാഹു തന്റെ അനുഗ്രഹത്താൽ ജമാഅത്തിനെ എപ്പോഴും വലിയ നഷ്ടങ്ങളിൽനിന്ന് രക്ഷിക്കുന്നു. ജമാഅത്തി നോടും, അഹ്മദിയ്യാ ഖിലാഫത്തിനോടും ഇന്നുവരെ അല്ലാഹു ഇങ്ങനെ പെരുമാറിയിട്ടുള്ളതായി നാം കണ്ടു. കണ്ടുവരികയും ചെയ്യുന്നു. ഞാനോതിയ വച നത്തിൽ അല്ലാഹു വിശ്വസിച്ചവരോട് വ്യക്തമായ നിലയിൽ അവനേയും റസൂലിനേയും അനുസരി ക്കുക എന്നു പറഞ്ഞിരിക്കുന്നു. ***യാ അയ്യുഹല്ലദീന ആമനൂ അത്വീഉല്ലാഹ വഅത്വീഉർറസൂല വ ഉലിൽ അംരി മിൻകും.*** നിങ്ങളുടെ അധികാരസ്ഥരേയും അനുസരിക്കുക. നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അധികാരസ്ഥരുമായി ഭിന്നിക്കുകയാണെങ്കിൽ അത്തരം കാര്യം അല്ലാഹുവിലേക്കും അവന്റെ റസൂ ലിലേക്കും മടക്കുക; നിങ്ങൾ യഥാർത്ഥത്തിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന വരാണെങ്കിൽ. അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവും നല്ലഗുണപര്യവസായിയും.

അതായത്, നിങ്ങളുടെ ജോലി അനുസരിക്കുക എന്നതാണ്. അല്ലാഹുവിന്റെ കല്പനകളെ പൂർണ്ണ മായും പിൻപറ്റുക. ആദ്യം നിങ്ങൾ നിങ്ങളെതന്നെ നോക്കുക; നിങ്ങൾ അല്ലാഹുവിന്റെ കല്പനകളെ പിൻപറ്റുന്നുണ്ടോ എന്ന്. അല്ലാഹു ഇറക്കിയിട്ടുള്ള ശരീഅത്തിന്റെ കല്പനകളെക്കുറിച്ച് ആദ്യം അറി വുനേടുക. അത് നിങ്ങൾക്ക് ലഭിച്ചുകഴിഞ്ഞോ? പൂർണ്ണമായനിലയിൽ ലഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ, ആ കല്പനകളെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കു ക. ഒരാൾ സ്വയം ഇതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ, അതിനോടൊപ്പം നബി(സ) തിരുമേ നിയുടെ സുന്നത്തനുസരിച്ചും പ്രവർത്തിക്കുമ്പോൾ, അവന് താൻ വിശ്വാസികളിൽപെട്ടവനാണെന്ന് പറ യാൻ അർഹത ഉണ്ടാകും. എന്നാൽ, കാര്യം അവിടെ അവസാനിക്കുന്നില്ല. വേറേയും ചിലത് തുടർന്ന് നമ്മോടു പറയുന്നുണ്ട്. ചിലയാളുകൾ മനസ്സിലാക്കു ന്നത് തങ്ങൾ പ്രവർത്തനപരമായും അറിവുപരമായും ശരീഅത്ത് നിയമങ്ങൾ കൂടുതൽ അനുസരിക്കുന്ന വരാണെന്നാണ്. പക്ഷേ, അദൃശ്യകാര്യങ്ങളും വർത്ത മാനകാലത്ത് നടക്കുന്ന കാര്യങ്ങളും വരാൻപോ കുന്ന കാര്യങ്ങളും അറിയുന്നവനായ അല്ലാഹുവിന്, അവനേയും അവന്റെ റസൂലിനേയും മാത്രം അനു സരിക്കാൻ പറഞ്ഞിരുന്നെങ്കിൽ റസൂലിന്റെ സുന്ന ത്തനുസരിച്ച് നടക്കുന്ന പേരുള്ള പല ആലിംകളും ജന്മംകൊള്ളുമെങ്കിലും ജമാഅത്തിന്റെ അനുഗ്രഹം നിലനില്ക്കുകയില്ലെന്ന് അറിയാമായിരുന്നു. ഓരോ രുത്തരും തങ്ങളുടേതായ പള്ളികൾ നിർമ്മി ക്കുകയും തങ്ങളുടെ പരിമിതമായ അറിവിനെ, എല്ലാ മാണെന്ന് കരുതുകയും ചെയ്യുമായിരുന്നു. ഇന്ന് മുസ്‌ലിംകളിൽ ഇതുതന്നെയാണ് നാം കാണുന്നത്. പക്ഷേ, അല്ലാഹുവും അവന്റെ റസൂലും പറഞ്ഞത നുസരിച്ച് നടക്കുന്നുവെന്നുള്ള അവരുടെ സങ്കല്പത്തേയും വാഗ്ദത്ത മസീഹ് വന്നതിനു ശേഷം അദ്ദേഹത്തെ വിശ്വസിക്കേണ്ടത് നിർബന്ധ മാണെന്ന് തന്റെ റസൂലിനെക്കൊണ്ട് പറയിച്ചിട്ട് അല്ലാഹു അവസാനിപ്പിച്ചിരിക്കുകയാണ്. അതിനു ശേഷം ***ഖിലാഫത്തുൻ അലാ മിൻഹാജിന്നുബു വ്വത്ത്*** നിലവിൽ വരേണ്ടതുണ്ട്. അതിനേയും അനു സരിക്കേണ്ടത് നിർബന്ധമാണ്. ഇല്ലെങ്കിൽ, അല്ലാഹു വിനേയും റസൂലിനേയും പിൻപറ്റിയെന്നുള്ള വാദം പൊള്ളയായിരിക്കും. പിന്നീട് അല്ലാഹു ജമാഅ ത്തിൽ ഐക്യം ഉണ്ടാക്കുന്നതിനും ഈ നിസാമിന്റെ സംരക്ഷണത്തിനുമായി, അധികാരസ്ഥരേയും അനു സരിക്കുക എന്നും പറഞ്ഞു. അതായത് മസീഹ് മൗഊദിനെ വിശ്വസിച്ചതിനുശേഷം ഖിലാഫത്തിലൂടെ സ്ഥാപിതമായ വ്യവസ്ഥിതിയേയും അനുസരിക്കുക.

ഇന്ന് അല്ലാഹു നമുക്ക് ഹസ്‌റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് നല്കി യിരിക്കുന്നുവെന്നത് നമ്മുടെമേലുള്ള അവന്റെ ഔദാ ര്യമാണ്. അല്ലാഹുവിന്റെ കല്പനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുന്ന ആ നിസാമിൽ നാം കോർക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹുവിന്റെ പ്രിയ ങ്കരനായ റസൂൽ(സ)ന്റെ സുന്നത്തിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ മറ്റു മുസ്‌ലിംകക്ഷികളെപ്പോലെ ചിന്നിചിതറിയവരല്ല. മറി ച്ച്, ഖിലാഫത്തിന്റെ അനുഗ്രഹം കൊണ്ട് ഒരു മാല യിൽ കോർക്കപ്പെട്ടവരാണ്. അല്ലാഹു, ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ വാഗ്ദാനമനുസരിച്ച്, വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീ ലനും ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ നിറഞ്ഞതുമായ വാഗ്ദത്തമകനെ നല്കി എന്നതും നമ്മുടെമേലുള്ള അവന്റെ ഔദാര്യമാണ്. അദ്ദേഹം അല്ലാഹുവിന്റെ മാർഗ്ഗദർശനത്താൽ നമ്മളിൽ ചെറിയതലം മുതൽ കേന്ദ്രതലംവരെ ഒരു ജമാഅ ത്തിചട്ടക്കൂട് ഉണ്ടാക്കിത്തന്നു. അതിൽ ജമാഅ ത്തിന്റെ സംഘടനാപരമായ കാര്യങ്ങൾ മാത്രമല്ല മറി ച്ച്, ശിക്ഷണം, പ്രബോധനം, വിദ്യാഭ്യാസം തുടങ്ങി എല്ലാ കാര്യങ്ങളുടെയും ഒരു ഉന്നതമായ വ്യവ സ്ഥിതിയുണ്ട്.

ജമാഅത്തിന്റെ ഓരോ വിഭാഗത്തിനും ഉത്തര വാദിത്തബോധം ഉണ്ടാക്കുന്നതിനും, ഓരോ വിഭാഗ ത്തിലെ ഓരോ വ്യക്തിയേയും ജമാഅത്തിന്റെ കാര്യ ങ്ങളിൽ ഉൾപ്പെടുത്തുന്നതിനും അവർക്ക് അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നതിനും വേണ്ടി പോഷകസംഘടനകളായ ഖുദ്ദാം, അത്ഫാൽ, ലജ്ന, നാസിറാത്ത്, അൻസാർ എന്നിവ രൂപീകരിച്ചു. ജമാ അത്തിലെ ഓരോ കുട്ടിക്കും യുവാവിനും സ്ത്രീയ്ക്കും അവരുടെ സംഘടനയുമായി ആദ്യകാല പ്രായം മുതലെ ബന്ധമുള്ളതുകൊണ്ടും ഈ സംഘടനക ളിലെ അംഗങ്ങളായതുകൊണ്ടുമാണ് ജമാഅത്തിന്റെ ചട്ടക്കൂടിനെയും അനുസരണത്തേയും കുറിച്ച് അവർക്ക് ഇന്നറിയാൻ കഴിയുന്നത്. ഈ സംഘടന യിൽ ആദ്യം മുതലേ പങ്കെടുക്കുന്നവർക്ക് അവരുടെ പരിധിയെന്താണെന്നുള്ള ബോധമുണ്ട്. അവരുടെ പോഷകസംഘടനകളുടെ പരിധിയെന്താണെന്നും ജമാഅത്ത് വ്യവസ്ഥിതികളുടെ പ്രാധാന്യമെന്താണെ ന്നും, കാലത്തിന്റെ ഖലീഫയെ എങ്ങനെ അനുസരി ക്കണമെന്നും അവർക്കറിയാം.

എന്നാൽ, ചിലപ്പോൾ ലൗകികജീവിതം കാര ണത്താൽ തങ്ങളുടെ പദവിയും അഹംഭാവവും കൊണ്ട് ചിലയാളുകളുടെ കണ്ണുകളിൽ മറ വീണുപോകാറു ണ്ട്. അനുസരണത്തിൽ എത്രമാത്രം അനുഗ്രഹമു ണ്ടെന്നതിനെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കു റിച്ചും അറിവുണ്ടായിട്ടും ജമാഅത്തിന്റെ നിസാമിനെ ബാധിക്കുകയില്ലെങ്കിൽത്തന്നെയും ബലഹീനവിശ്വാ സികൾക്കും പുതിയതായി വരുന്നവർക്കും ചതി പറ്റാൻ കാരണമാകുന്ന കാര്യങ്ങൾ അത്തരക്കാർ പറ ഞ്ഞുകളയുന്നു. ഉദാഹരണത്തിന്, ആരെയെങ്കിലും കുറിച്ച് അന്വേഷിക്കാൻ ഏതെങ്കിലും കമ്മീഷനെ നിശ്ചയിച്ചുകൊണ്ട് കാര്യങ്ങൾ അന്വേഷിക്കാനോ ചിലയാളുകളുടെ ചില കാര്യങ്ങളെക്കുറിച്ച് റിപ്പോർട്ട് തരാനോ അല്ലെങ്കിൽ ഖലീഫ ആഹ്വാനം ചെയ്യുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് വിലയിരുത്തി റിപ്പോർട്ട് നല്കാനോ പറഞ്ഞാൽ അന്വേഷിച്ചതിനും പരിശോധിച്ചതിനുംശേഷം അവർ അയക്കുന്ന റിപ്പോർട്ടനുസരിച്ച് കാലത്തിന്റെ ഖലീഫ തീരുമാന മെടുക്കുന്നില്ലെങ്കിൽ- മറ്റൊന്നും പറയാനില്ലാത്തതു കൊണ്ട്- ഞങ്ങളിങ്ങനെയാണ് എഴുതിയത്, നാഷ ണൽ അമീറോ കേന്ദ്രമജ്ലിസെ ആമിലായോ റിപ്പോർട്ട് മാറ്റി അയച്ചോ എന്നറിയില്ല, അതോ ഖലീഫ തിരിച്ചു വിധി പറഞ്ഞതാണോ എന്നും അറിയില്ല എന്നൊക്കെ പറഞ്ഞുകൊണ്ട് ജമാഅത്തിലോ അല്ലെങ്കിൽ കുറ ഞ്ഞപക്ഷം അയാളുമായി ബന്ധപ്പെട്ട വിഭാഗത്തിലോ അസ്വസ്ഥത ഉണ്ടാക്കുന്നു.

ഇത്തരം കാര്യങ്ങൾ ജമാഅത്തിൽ കുഴപ്പ ങ്ങൾക്കു കാരണമായേക്കാം. ഒന്നാമതായി, അത്തര ക്കാർ അത്തരം കാര്യങ്ങൾ പറയുന്നതിൽനിന്ന് പിന്മാ റേണ്ടതാണ്. ഏതെങ്കിലും മേഖലയിൽ നിങ്ങൾക്ക് പ്രവർത്തിക്കാനുള്ള അവസരം നല്കിയിട്ടുണ്ടെങ്കിൽ, അത് ദൈവാനുഗ്രഹമായി മനസ്സിലാക്കുക. നിശ്ചിത പരിധികൾക്കുള്ളിൽ ഇരിക്കുക. നിങ്ങളുടെ പരി ധിയെ ലംഘിക്കരുത്. ചിലയാളുകൾ വിഡ്ഢിത്തവും വിവരക്കുറവും കൊണ്ടാണെങ്കിൽ ചിലർ തങ്ങളുടെ തൻപ്രമാണിത്തംകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പറ യുന്നത്. വിവിധ രാജ്യങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ ഒന്നും ഒറ്റയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പറഞ്ഞു കൊടുക്കുമ്പോൾ അവർ കാര്യങ്ങൾ മനസ്സിലാക്കു കയും മാപ്പ് ചോദിക്കുകയും ചെയ്യുന്നു.

ഇന്ന് ഞാൻ ഖുത്ബയിൽ ഇക്കാര്യം പറയു ന്നത്, കുഴപ്പമുണ്ടാക്കാൻ വേണ്ടി ഇത്തരം കാര്യങ്ങൾ പറയുന്നവർ, ജമാഅത്ത് ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വേണ്ടത്ര പൂർണ്ണവളർച്ച എത്തി ക്കഴിഞ്ഞിരിക്കുന്നുവെന്ന് അറിഞ്ഞിരിക്കാനാണ്. അത് അതിന്റെ പ്രായപൂർത്തി പ്രാപിച്ചുകഴിഞ്ഞിരി ക്കുന്നു. സേവനം ചെയ്യാൻ അല്ലാഹു അവസരം നല്കിയിട്ടുള്ളവരും തങ്ങളുടെ വീക്ഷണത്തേയും ചിന്താഗതിയേയും വ്യക്തിപൂജയിൽനിന്ന് പുറത്താ ക്കേണ്ടതാണ്.

ചിലയാളുകൾ തങ്ങളുടെ അഭിപ്രായവും ബുദ്ധിയുമാണ് ഏറ്റവും ഉന്നതമെന്ന് മനസ്സിലാക്കാ റുണ്ട്. അത്തരം സംസാരങ്ങളിൽനിന്നും അവരും പുറ ത്തുവരേണ്ടതാണ്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅ ത്തിൽ വിവേകപൂർവ്വം ചിന്തിക്കുന്നവരും ഒരുപാടു ണ്ട്. ജ്ഞാനമുള്ളവരും നിരവധിയുണ്ട്. തഖ്വയിൽ പദമൂന്നുന്നവരും അധികമായുണ്ട്. അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളവരുമുണ്ട്. അതുകൊണ്ട് സേവനം ചെയ്യുന്ന ഓരോരുത്തരും ഏതു നിലയിൽ സേവനം ചെയ്യാൻ അവസരം കിട്ടിയാലും ഞാനാദ്യം പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹമാണ് അതെന്ന് മനസ്സിലാക്കിക്കൊണ്ട്, പൂർണ്ണമായ അനു സരണത്തോടുകൂടി ഈ സേവനത്തിന്റെ അനുഗ്ര ഹത്തിൽനിന്നും ഫലം നേടേണ്ടതാണ്.

ഉയർന്ന ഭാരവാഹിത്വം വഹിക്കുന്ന ഏതെ ങ്കിലും ഭാരവാഹി തുറന്നഹൃദയത്തോടും നിഷ്ക്കള ങ്കതയോടുംകൂടി കാലത്തിന്റെ ഖലീഫയെ അനുസ രിക്കുന്നില്ലെങ്കിൽ അയാളുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കീഴ്ഭാരവാഹികൾ അയാളേയും അനുസരിക്കുകയില്ല. ഇത് അല്ലാഹുവിന്റെ വ്യവസ്ഥിതിയായതുകൊണ്ട് അവൻ ഒരു കാലംവരെ അത്തരക്കാർക്ക് അവസരം നല്കുകയാണ്. ഞാൻ പറഞ്ഞതുപോലെ, ദീനീസേവനം നിങ്ങൾ അല്ലാഹു വിന്റെ അനുഗ്രഹമായി മനസ്സിലാക്കുക. അല്ലാഹു വിന്റെ മാർഗ്ഗത്തിൽ സേവനമനുഷ്ഠിക്കുകയും ജമാ

അത്തിന്റെ ക്ഷേമം മുന്നിൽ കണ്ടുജീവിക്കുകയും ചെയ്യുന്നതുവരെ അവൻ തെറ്റുകുറ്റങ്ങൾ മറച്ചുവയ്ക്കുന്നതാണ്.

ഇവിടെയാണ് ഞാൻ ഖുത്ബ ഓതുന്നത്. അതുകൊണ്ട് ഞാൻ വ്യക്തമാക്കട്ടെ, ഇവിടെ മാത്രമല്ല മറ്റു രാജ്യങ്ങളിലും ചില ഭാരവാഹികൾ തങ്ങളെ സ്വയം മലക്കുകളായിട്ട് മനസ്സിലാക്കുന്നവരായിട്ടുണ്ട്. അവർ തങ്ങളുടെ അഹങ്കാരത്തിലും അഹംഭാവത്തിലും വീണുകിടക്കുകയാണ്. അവരും അതിൽനിന്ന് പുറത്തുവരേണ്ടതാണ്. കാരണം, ഞാൻ എവിടെയാണോ ഖുത്ബ കൊടുക്കുന്നത് അവിടെത്തുകാർ മാത്രമാണ് എന്റെ സംബോധിതരെന്ന് പൊതുവെ ആളുകൾ കരുതുന്നു. അങ്ങനെയല്ല, എവിടെയെല്ലാം ഈ ദോഷങ്ങളും തിന്മകളുമുണ്ടോ അവരെക്കുറിച്ച് ജനങ്ങളുടെ കത്തുകളിലൂടെ എനിക്കറിയാൻ കഴിയുന്നു. എവിടെയൊക്കെ ആരുടെ ബുദ്ധിയിലാണോ ഇത്തരം ഭൂതം കയറികൂടിയിട്ടുള്ളത് അവരതിൽനിന്ന് പുറത്തുവരേണ്ടതാണ്. ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്.

മറ്റൊന്ന് നാഷണൽ അമീർമാരോട് ഞാൻ പറയാനാഗ്രഹിക്കുന്നു, ഏതെങ്കിലും കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ കമ്മീഷനെ ചുമതലപ്പെടുത്തുമ്പോൾ തഖ്‌വയുള്ള ആളുകളെ കണ്ടെത്തി അവരെ ഈ ജോലി ഏല്പിക്കേണ്ടതാണ്. അല്ലെങ്കിൽ എന്നോട് ഏതെങ്കിലും കമ്മീഷൻ നിശ്ചയിക്കാൻ പറയുകയാണെങ്കിൽ തഖ്‌വയിൽ പദമൂന്നുന്നവരുടെ പേരുകളാണ് അയക്കേണ്ടത്. അവർ നീതിയോടെ പ്രവർത്തിക്കുന്നവരായിരിക്കണം. അനുസരണത്തിന്റെ ഉന്നതമായ നില വഹിക്കുന്നവരായിരിക്കണം. ഒരു കക്ഷിയോടും അവർക്ക് ഒരുതരത്തിലുള്ള ബന്ധവും ഉണ്ടാകാൻ പാടില്ല.

ഇപ്രകാരംതന്നെ അമീർമാരോടും കേന്ദ്രഉദ്യോഗസ്ഥന്മാരോടും ഞാൻ പറയുകയാണ്, ജമാഅത്തിന്റെ സഹായവും അനുസരണത്തിന്റെ നിലയും വർദ്ധിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നെങ്കിൽ, ഹൃദയത്തിന്റെ മിടിപ്പോടൊപ്പം നാഡി പ്രവർത്തിക്കുന്നതുപോലെ നിങ്ങൾ സ്വയം കാലത്തിന്റെ ഖലീഫയുടെ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിൽവരുത്തുക. ഈ നില കരസ്ഥമാക്കുമ്പോൾ, ഒരു സാധാരണ അഹ്മദി എങ്ങനെയാണ് നിങ്ങളെ അനുസരിക്കുന്നതെന്ന് നോക്കുക. കാരണം, ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച ഒരഹ്മദിയുടെ ദൃഢവിശ്വാസമാണ്, ഖിലാഫത്തിന്റെ ഈ പരമ്പര മുന്നോട്ടു ചലിക്കുമെന്നത്. ഈമാനിൽ അഭിവൃദ്ധിപ്പെടുന്നവർക്കും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവർക്കും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഇത് അനശ്വരവും എന്നെന്നും നിലനില്ക്കുന്നതുമായ പരമ്പരയാണ്. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിച്ച് കഴിഞ്ഞാൽ ഒരഹ്മദി ഏറ്റവും അധികം അനുസരിക്കേണ്ടത് ***ഉലുൽഅംറ്*** എന്ന നിലയിൽ കാലത്തിന്റെ ഖലീഫയേയാണ്. പിന്നീട് ഓരോ നിലയുമനുസരിച്ച് എല്ലാ തലങ്ങളിലും ജമാഅത്തിന്റെ ഓരോ ഭാരവാഹിയും അനുസരണം അർഹിക്കുന്നവരാണ്.

ഈ നിസാമിനേയും ***ഉലുൽഅംറി***നേയും അനുസരിക്കുക എന്നത് നിങ്ങളുടെ ഈമാനികാവസ്ഥ അറിയുന്നതിനും യഥാർത്ഥത്തിൽ നിങ്ങൾ അന്ത്യദിനത്തിൽ വിശ്വസിക്കുന്നവരാണോ എന്ന് മനസ്സിലാക്കുന്നതിനും മരിച്ചതിനുശേഷം അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാക്കപ്പെടും എന്ന വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നവരാണോ എന്ന് തിരിച്ചറിയുന്നതിനും മാനദണ്ഡമായിത്തീരുമെന്ന് അല്ലാഹു പറയുന്നു. നിങ്ങൾ നിങ്ങളുടെ ബയ്അത്തിനുശേഷം അനുസരണത്തിന്റെ നിലയെ എത്രത്തോളം വളർത്തിയിരിക്കുന്നു എന്ന ചോദ്യവും അവിടെയുണ്ടാകും. കാരണം ശരീരത്തിന്റെ ഓരോ അവയവവും സാക്ഷി പറയുന്നതാണ്. അന്നാളിൽ ആരുടേയും ഒരു ഒഴികഴിവും അവരുടെ സ്വന്തം നിയന്ത്രണത്തിൽ ആയിരിക്കുകയില്ല. അവൻ പറയുന്നത് അംഗീകരിക്കപ്പെടുകയില്ല. എന്നല്ല, അവിടെ പറയുന്നത് സത്യവും സത്യസന്ധവും യഥാർത്ഥവുമായ കാര്യങ്ങളായിരിക്കും. അതുകൊണ്ട് പരലോകത്തിൽ വിശ്വാസമുണ്ടെങ്കിൽ, നല്ല പര്യവസാനവും അല്ലാഹുവിന്റെ തൃപ്തിയും കരസ്ഥമാക്കാനാഗ്രഹിക്കുന്നെങ്കിൽ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നതിനോടൊപ്പം ഉലുൽഅംറിന്റെ എല്ലാ കല്പനയും അനുസരിക്കുക. അവർ പറയുന്ന ഒരു കാര്യവും നിസ്സാരമായി കാണരുത്. ഏതവസ്ഥയിലാണെങ്കിലും അനുസരണത്തിന്റെ കോന്തല ഒരിക്കലും കൈവിടരുത്.

ഇതിൽ ഭൗതിക ഭരണാധികാരിയും പെടുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. അവരെ അനുസരിക്കേണ്ടതും നിർബന്ധമാണ്; ശരീഅത്തിനു വിരുദ്ധമായി കല്പിച്ചാലൊഴികെ. ഈ പൊതുവായ കല്പന എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഭാരവാഹികൾക്കും സാധാരണ അഹ്മദികൾക്കും ബാധകമാണ്. അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും മടങ്ങുക എന്ന കല്പനയുടെ അർത്ഥം, ഭൗതിക ഭരണാധികാരി ശരീഅത്ത് വിരുദ്ധമായി എന്തെങ്കിലും കല്പിക്കുകയാണെങ്കിൽ അല്ലാഹുവിൽനിന്നും റസൂലിൽനിന്നും മാർഗ്ഗദർശനം തേടുക എന്നാണ്. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും മാർഗ്ഗദർശനം തേടുക എന്നാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിയിൽനിന്ന് ഖിലാഫത്തിനു വിരുദ്ധമായ കല്പനകൾ നിങ്ങൾക്ക് ഒരി

ക്കലും ലഭിക്കുകയില്ല. കാലത്തിന്റെ ഖലീഫയിൽ നിന്നും അത്തരം കല്പന കിട്ടുകയുമില്ല.

ഭൗതിക ഭരണാധികാരികളെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഭരണാധികാരി അക്രമിയാണെങ്കിലും അയാളെ ചീത്തപറഞ്ഞു നടക്കരുത്. മറിച്ച് സ്വന്തം നിലയിൽ മാറ്റം വരുത്തുകയാണ് വേണ്ടത്. അല്ലാഹു അയാളെ മാറ്റുകയോ, നല്ലവനാക്കിത്തീർക്കുകയോ ചെയ്യും. വിഷമങ്ങളുണ്ടാകുന്നത് സ്വന്തം ദുഷ്കർമ്മങ്ങൾ കാരണത്താലാണ്. സത്യവിശ്വാസികളോടൊപ്പം അല്ലാഹുവിന്റെ സഹായമുണ്ടാകും. സത്യവിശ്വാസിക്കുവേണ്ടി അല്ലാഹു അവൻതന്നെ സാധാനസാമഗ്രികൾ സംഘടിപ്പിച്ചുകൊടുക്കുന്നു. എന്റെ ഉപദേശം ഇതൊന്നു മാത്രമാണ്. നിങ്ങൾ എല്ലാ രീതിയിലും മാതൃകയാവുക. അല്ലാഹുവിനോടുള്ള കടമകളും അവന്റെ അടിയാന്മാരോടുള്ള കടമകളും അവഗണിച്ചുകളയരുത്.

ഓരോ അഹ്മദിയും ചിന്തിക്കേണ്ടതാണ്. കല്പന പൊതുവെ എല്ലാവർക്കുമായിട്ടാണ്. അതുകൊണ്ട് ജമാഅത്തിന്റെ ഭാരവാഹികളെ അനുസരിക്കേണ്ടതാണ്. കാരണം അത് കാലത്തിന്റെ ഖലീഫ സ്ഥാപിച്ചിട്ടുള്ള വ്യവസ്ഥിതിയാണ്. പക്ഷേ, ഭാരവാഹികളും ചിന്തിക്കേണ്ടതാണ്– അവർക്ക് അനുസരണത്തിന്റെ നില വർദ്ധിപ്പിക്കണമെങ്കിൽ അനുസരണത്തിന്റെ ഉന്നതമായ നില സ്വയം നാട്ടുക.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സത്യഹൃദയത്തോടെ അനുസരണം കൈക്കൊള്ളുകയാണെങ്കിൽ, ഹൃദയത്തിന് ഒരു പ്രകാശവും ആത്മാവിന് ഒരു ആനന്ദവും വെളിച്ചവും ഉണ്ടാകുന്നു. എത്രത്തോളം അനുസരണം ആവശ്യമുണ്ടോ അത്രത്തോളം മുജാഹദ– കഠിനാധ്വാനം ആവശ്യമില്ല. എന്നാൽ, സത്യസന്ധമായ അനുസരണമായിരിക്കണമെന്ന നിബന്ധനയുണ്ട്. ഇതാണ് ഏറെ പ്രയാസകരമായ കാര്യം. അനുസരണത്തിൽ സ്വന്തം ഇന്ദ്രിയാശകളെ അറുത്തിടേണ്ടത് നിർബന്ധമാണ്. (അനുസരണത്തിനുവേണ്ടി സ്വന്തം ശരീരേച്ഛകളും തൻപ്രമാണിത്തവും വ്യാജമായ മാന്യതയുമെല്ലാം അറുത്തിടേണ്ടതായിവരുന്നു. ഒരു സാധാരണ അഹ്മദി മുതൽ – എല്ലാ അഹ്മദികളും കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നതുകൊണ്ട് പ്രത്യേകതയുള്ളവർ തന്നെയാണ്. ‘സാധാരണ’കൊണ്ട് ഞാൻ ഉദ്ദേശിച്ചത് ഭാരവാഹിയല്ലാത്ത അഹ്മദിയാണ്. അയാൾ മുതൽ ഏറ്റവും ഉയർന്ന ഭാരവാഹിവരെ എല്ലാവരും തങ്ങളുടെ ഇന്ദ്രിയാശകളെ ചവുട്ടിമെതിക്കേണ്ടിവരും. ചവിട്ടിമെതിച്ചിട്ടുണ്ടോ എന്ന് മനസ്സിലാകുന്നത് തനിക്കെതിരെ എന്തെങ്കിലും കാര്യം വരുമ്പോഴാണ്. മറ്റുള്ളവരുടെ കാര്യം വരുമ്പോൾ എല്ലാവരും തങ്ങളുടെ സത്യസന്ധത പ്രകടിപ്പിക്കാനായി സാക്ഷി പറയുന്നുണ്ടാകും. എന്നാൽ, സ്വന്തം കാര്യം വരുമ്പോൾ അല്ലെങ്കിൽ സ്വന്തം മക്കളുടെ പ്രശ്നം വരുമ്പോൾ അവിടെ കളവിനെയായിരിക്കും അടിത്തറയാക്കുക.) പറഞ്ഞു: ശരീരേച്ഛകളെ അറുത്തിടാതെ അനുസരണം ഉണ്ടാകുകയേയില്ല. തൗഹീദിൽ വിശ്വസിക്കുന്ന വലിയ വലിയ ആളുകളുടെ മനസ്സിൽപ്പോലും ഇന്ദ്രിയാശകൾ ബിംബമായിത്തീരാനിടയുണ്ട്. (സ്വന്തം പ്രശ്നം വരുമ്പോൾ ഏകദൈവവിശ്വാസികളാണെന്ന് വാദിക്കുന്നവരുടേയും, ആരാധിക്കുന്നവരുടേയും, തഖ്വ ഉള്ളിലുണ്ടെന്ന് പറയുന്നവരുടെയും ഹൃദയത്തിൽ നിന്ന് ഞാൻ പറഞ്ഞതുപോലെ അതെല്ലാം പുറത്തുപോകുന്നു. പിന്നീട് അവരുടെ ഇച്ഛകളായിരിക്കും ബിംബങ്ങളായി മുന്നിൽ നില്ക്കുക.)

അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ)ഉം പറഞ്ഞതുപോലെ സ്വന്തം നഫ്സിന്റെ അഹംഭാവത്തെ അടക്കാൻ വലിയ പ്രയാസമാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെങ്കിൽ, ഏകദൈവത്തെ വിശ്വസിക്കുന്നവരാണെന്ന് വെറും പറഞ്ഞതുകൊണ്ട് അത് ലഭിക്കുകയില്ല. കാലത്തിന്റെ ഇമാമിനേയും അദ്ദേഹത്തിന്റെ ഖലീഫയേയും അദ്ദേഹത്തിന്റെ നിസാമിന്റേയും മുമ്പിൽ, അഹംഭാവത്തിന്റെ ലവലേശം കലർപ്പ് കാണാത്തവിധം കുനിയേണ്ടിവരും. ഇല്ലെങ്കിൽ ഈ അഹംഭാവത്തിന്റെ ബിംബം, ആ നിസാമിന്നെതിരിൽ മാത്രമായിരിക്കുകയില്ല എഴുന്നേറ്റുനില്ക്കുക, ഖലീഫയ്ക്കെതിരിലും എഴുന്നേറ്റു നില്ക്കും. പിന്നീട് നബി(സ) തിരുമേനിയ്ക്കെതിരിലും എഴുന്നേറ്റുനില്ക്കും. അവിടെനിന്നും അകന്ന് പിന്നീട് അല്ലാഹുവിന്നെതിരിലും എഴുന്നേറ്റുനില്ക്കും. അങ്ങനെ താൻ ഏറ്റവും വലിയ തൗഹീദുവാദിയാണെന്നും അല്ലാഹുവിനെ ആരാധിക്കുന്നവനാണെന്നും പറയുന്ന വ്യക്തി ശിർക്കു ചെയ്യുന്നവരിൽപ്പെട്ടുപോകുന്നു. ഈ ശിർക്കിൽനിന്നും എല്ലാ അഹ്മദികളും തങ്ങളെ സുരക്ഷിതരാക്കിവയ്ക്കുന്നവരായിത്തീരട്ടെ. അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട്, സ്വന്തം ഇന്ദ്രിയാശകളും അഹങ്കാരവും ഇല്ലാതാക്കാൻ ശ്രമിക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽ സ്ഥാപിക്കാനാഗ്രഹിക്കുന്ന ആ മാതൃക നിലനാട്ടുക. അവിടന്ന് പറയുന്നു: “അനുസരണത്തിന്റെ നിയമങ്ങൾ സ്വായത്തമാക്കാത്തിടത്തോളംകാലം ഒരു ജനതയും ജനത എന്ന് പറയപ്പെടുകയോ അവരിൽ സൗഹൃദത്തിന്റേയും ഐക്യത്തിന്റേയും ആത്മാവ് ഊതപ്പെടുകയോ ചെയ്യുകയില്ല.” പറഞ്ഞു: “അഭിപ്രായഭിന്നതയുള്ള കാര്യം ഉപേക്ഷിക്കുകയും അല്ലാഹു പറഞ്ഞതിനെ മാത്രം അനുസരിക്കുകയും ചെയ്യുക. (അല്ലാഹുവിന്റെ കല്പന ഇപ്പോൾ എന്താണ്? അല്ലാഹുവും റസൂലും കഴിഞ്ഞാൽ ഉലുൽഅംറിനെ അനുസരിക്കുക എന്നതാണത്. ഉലുൽഅംറിൽ ജമാഅത്ത് വ്യവസ്ഥിതിയിലെ

എല്ലാവരും ഉൾപ്പെടുന്നു. ഭാരവാഹിയല്ലാത്ത അഹ്മദിയും, ഭാരവാഹിയും. ഓരോ ഭാരവാഹിയും അവരുടെ മേൽഭാരവാഹിയെ അനുസരിക്കേണ്ടതാണ്. ഓരോ അഹ്മദിയും ഓരോ ഭാരവാഹിയേയും അനുസരിക്കേണ്ടതാണ്) പറഞ്ഞു: "പിന്നീട് ഏതൊന്നാണോ അല്ലാഹു ആഗ്രഹിക്കുന്നത് അതുണ്ടാകുന്നു. അല്ലാഹുവിന്റെ സഹായഹസ്തമുണ്ടാകുന്നത് ജമാഅത്തിന്റെ മീതെയാണ്. ഇതിലുള്ള രഹസ്യം അല്ലാഹു തൗഹീദിനെ ഇഷ്ടപ്പെടുന്നുവെന്നും അനുസരിക്കുന്നില്ലായെങ്കിൽ ഈ ഏകത്വം നിലനാട്ടപ്പെടുകയില്ല എന്നുമാണ്."

ഇതാണ് അനുസരണത്തിന്റെ മാനദണ്ഡം. ഇത് കരസ്ഥമാക്കാൻ ഒരു അഹ്മദി ശ്രമിക്കേണ്ടതാണ്. ഇതിലൂടെയാണ് തൗഹീദിന്റെ സ്ഥാപനം ഉണ്ടാവേണ്ടത്.

അതുകൊണ്ട് ഇതിനുവേണ്ടി ഓരോ അഹ്മദിയും ഓരോ ഭാരവാഹിയും ജമാഅത്തിലെ ഓരോ അംഗവും എല്ലാ മുറബ്ബിമാരും മുബല്ലിഗുമാരും ശ്രമിക്കേണ്ടതാണ്; ഇക്കാലഘട്ടത്തിൽ മസീഹ് മൗഊദിനെ അല്ലാഹു ഏല്പിച്ച തൗഹീദ് സ്ഥാപിക്കാനുള്ള ഈ പ്രവൃത്തിയെ മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി എല്ലാവരും ശ്രമിക്കണം. ഇൻശാഅല്ലാഹ്.

ഞാൻ പറഞ്ഞതുപോലെ, ഇതിനായി ഒന്നാമത് ഭാരവാഹികൾ അല്ലെങ്കിൽ എന്തെങ്കിലും സേവനം ഏല്പിച്ചിട്ടുള്ള വ്യക്തികൾ ആത്മപരിശോധന നടത്തുക. അനുസരണത്തിന്റെ മാതൃക നിലനാട്ടുക. കാരണം പ്രവർത്തകരിൽ അനുസരണത്തിന്റെ ഉദാത്തമായ നില നാട്ടാനുള്ള ആത്മാവ് ഉണ്ടാകുന്നില്ലെങ്കിൽ ജമാഅത്തംഗങ്ങളിൽ ആ ആത്മാവ് ഉണ്ടാകുകയില്ല. എല്ലാ തലങ്ങളിലുമുള്ള ഭാരവാഹികൾ, അവർ ആമിലായുടെ അംഗമോ, ജമാഅത്തിന്റെ പ്രസിഡന്റോ, റീജിയണൽ അമീറോ, കേന്ദ്ര ആമില അംഗമോ, ജമാഅത്തിന്റെ അമീറോ ആരായാലും അവർ തങ്ങളുടെ ചിന്താഗതി ഹസ്റത്ത് മസീഹ് മൗഊദ്(അ) നിശ്ചയിച്ചിട്ടുള്ള ആ നിലയിലേക്ക് കൊണ്ടുവരേണ്ടതാണ്. സ്വന്തം ഇച്ഛകളേയും അഹങ്കാരത്തേയും അറുത്തിടേണ്ടതാണ്. ഈ പദവി കരസ്ഥമാകുമ്പോൾ മനസ്സ് അല്ലാഹുവിന്റെ പ്രകാശത്താൽ നിറയും. ആത്മാവിന് യഥാർത്ഥമായ സന്തോഷവും ആനന്ദവും കൈവരും. അത്തരം സത്യവിശ്വാസി ചെയ്യുന്ന എല്ലാ പ്രവൃത്തിയും അല്ലാഹുവിന്റെ കല്പന നടപ്പിൽവരുത്തുന്നു എന്ന ചിന്തയോടുകൂടിയായിരിക്കും ചെയ്യുന്നത്. ഇതാണ് ഒരു സത്യവിശ്വാസിയുടെ ലക്ഷ്യമായിരിക്കേണ്ടത്. ജമാഅത്തിലെ ഭാരവാഹികൾ തങ്ങളുടെ വാക്കും പ്രവൃത്തിയുംകൊണ്ട് ഈ ആത്മാവ് തങ്ങളുടെ ജമാഅത്തിൽ സൃഷ്ടിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം മുറബ്ബിമാരും മുബല്ലിഗുമാരും തങ്ങളുടെ വാക്കും പ്രവൃത്തിയിലും ഉന്നതമായ മാതൃക നില നാട്ടിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്നതുപോലെ ജമാഅത്തിന് ശിക്ഷണം നല്കേണ്ടതാണ്. പോഷക സംഘടനകൾ അവരുമായി ബന്ധപ്പെട്ട അംഗങ്ങൾക്ക്, ഹസ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്നതുപോലെ തർബിയ്യത്ത് കൊടുക്കേണ്ടതാണ്. അത്ഫാൽ നാസിറാത്ത് ലവലിൽ ഈ തർബിയ്യത്ത് നടക്കുമ്പോൾ ഈ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരുപാട് സാമൂഹികവും ധാർമ്മികവുമായ പ്രശ്നങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരിഹരിക്കപ്പെടുന്നതായിരിക്കും. നമ്മുടെ കുട്ടികൾ സമൂഹത്തിന്റെ ദുസ്സ്വാധീനത്തിൽനിന്ന് രക്ഷപ്പെടുന്നതായിരിക്കും. വീടുകളിൽ ആദ്യത്തേക്കാൾ കൂടുതൽ ശാന്തിയും സമാധാനവും ഉണ്ടാകുന്നതായിരിക്കും. ഈ അനുസരണത്തിന്റെ നില വർദ്ധിപ്പിക്കുന്നതിനായി എല്ലാ തലങ്ങളിലും ശ്രമിക്കുക. എല്ലാ തലങ്ങളിലും എല്ലാ ഭാരവാഹികളും തങ്ങളുടെ മേൽഭാരവാഹികളെ അനുസരിക്കുക. ജമാഅത്തംഗങ്ങൾ തങ്ങളുടെ ഭാരവാഹികളെ അനുസരിക്കുക. എല്ലാവരും ഒന്നുചേർന്നുകൊണ്ട് ഖിലാഫത്തിനോട് സത്യസന്ധമായ ബന്ധവും അനുസരണത്തിന്റെ ഉദാത്തമായ മാതൃകയും കാണിക്കുക.

**ഇവിടെ ഞാൻ മുറബ്ബിമാരോടും മുബല്ലിഗുമാരോടും മറ്റൊരു കാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്. ഒന്ന് ഞാൻ പറഞ്ഞതുപോലെ എവിടെയൊക്കെ അവരുണ്ടോ തങ്ങളുടെ അമീർമാരെ അനുസരിച്ച് ഉദാത്തമായ മാതൃക കാണിക്കുക. അമീറിലോ ഭാരവാഹികളിലോ ജമാഅത്തിന്റെ പാരമ്പര്യത്തിന് വിരുദ്ധമായി എന്തെങ്കിലും കാര്യം കണ്ടാൽ ഭാരവാഹിയേയും അമീറിനേയും മാറ്റിനിർത്തി യഥാർത്ഥമായത് അവരുടെ ശ്രദ്ധയിൽപെടുത്തുക. ഹദീസിലും വന്നിരിക്കുന്നത് ഇതുതന്നെയാണ്. ഏതെങ്കിലും അമീറിൽ തെറ്റുകണ്ടാൽതന്നെ, അപ്പോഴും അദ്ദേഹത്തെ അനുസരിക്കുകയും തെറ്റ് തിരുത്തിക്കൊടുക്കുകയും ചെയ്യുക. അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുക. ആ ഭാരവാഹിയും അമീറും എന്നിട്ടും തങ്ങൾ പറഞ്ഞതിൽ ഉറച്ചുനില്ക്കുകയാണെങ്കിൽ, ജമാഅത്തിനെ അത് ദോഷമായി ബാധിക്കുന്നുണ്ടെന്ന് കണ്ടാൽ കാലത്തിന്റെ ഖലീഫയെ അതറിയിക്കുക. എന്നാൽ, മുറബ്ബിക്കും അമീറിനുമിടയിൽ സ്വരചേർച്ചയില്ലായ്മ ഉണ്ടെന്നുള്ള തോന്നൽ ഒരിക്കലും ജമാഅത്തംഗങ്ങൾക്ക് ഉണ്ടാകാൻ ഇടകൊടുക്കരുത്.**

മറ്റൊന്ന് മുറബ്ബി ശ്രദ്ധിക്കേണ്ടത് ഇതാണ്, ജമാഅത്തിലെ ഏതെങ്കിലും അംഗത്തിന്റെ മനസ്സിൽ, ഇന്ന മുറബ്ബിയ്ക്ക് അല്ലെങ്കിൽ മുബല്ലിഗിന് ഇന്ന

വ്യക്തിയുമായി അടുത്തബന്ധം ഉണ്ടെന്നുള്ള തോന്നൽ വരാൻ ഇടകൊടുക്കരുത്. എന്തെങ്കിലും പ്രശ്നം അദ്ദേഹത്തോട് പറഞ്ഞാൽ, ഇന്ന മുറബ്ബിയോ മുബല്ലിഗോ ജീവാർപ്പണം ചെയ്ത് ജമാഅത്തിന് സേവനം അനുഷ്ഠിക്കുന്ന മറ്റാരെങ്കിലുമോ അന്യായമായി അയാളുടെ പക്ഷംചേരും എന്ന വിചാരം ഉണ്ടാകാനും അവസരം നല്കരുത്. മുറബ്ബി, മുബല്ലിഗ് അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്രഉദ്യോഗസ്ഥന്റെ പ്രവൃത്തി, തന്നെ എല്ലാ താല്പര്യങ്ങൾക്കും അതീതനാക്കിയും എല്ലാ ബന്ധങ്ങളേയും വലിച്ചെറിഞ്ഞും ജമാഅത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കുക എന്നതാണ്. ജമാഅത്തിലെ അംഗങ്ങൾക്ക് പൊതുവായും, ചില കാര്യങ്ങൾ ഉയരുമ്പോൾ പ്രത്യേകമായും ഇരുകക്ഷികളും അനുസരണത്തിന്റെ വൃത്തത്തിനുള്ളിൽ നില്ക്കുംവിധം ശിക്ഷണം നല്കുക. അപ്പോൾ ജമാഅത്തിൽ അനുസരണത്തിന്റെ റൂഹ് ഉണ്ടാകുന്നതാണ്. മുറബ്ബിമാരുടെ ഏറ്റവും വലിയ ഉത്തരവാദിത്തമാണിത്. കാരണം നിങ്ങൾക്ക് അല്ലാഹു ദീനീപരമായ അറിവും നല്കിയിരിക്കുന്നു. അതുകൊണ്ട് ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധിക്കുക. ജമാഅത്തിൽ, ജമാഅത്തിന്റെ ആത്മാവ് ഉണ്ടാക്കുന്നതിനായി അടിസ്ഥാനപരമായ കാര്യംതന്നെ, ജമാഅത്തിലെ ഓരോ അംഗങ്ങളിലും അനുസരണത്തിന്റെ ആത്മാവും ആവേശവും ഉണ്ടാക്കുക എന്നതാണ്. അതുകൊണ്ടാണ് അല്ലാഹുവും അവന്റെ റസൂൽ(സ)ഉം അനുസരണത്തെക്കുറിച്ച് ഒരുപാട് ഉപദേശിച്ചിട്ടുള്ളത്.

ഞാനോതിയ വചനത്തിൽ അല്ലാഹു പറഞ്ഞു: അനുസരിക്കുന്നവരുടെ പര്യവസാനമാണ് നല്ലതായിരിക്കുക. ഒരുപാടാളുകൾ, പര്യവസാനം നല്ലതായിത്തീരാൻ വേണ്ടി ദുആ ചെയ്യാൻ എഴുതാറുണ്ട്. പര്യവസാനം നല്ലതായിത്തീരാൻ ഏറ്റവും പ്രധാനപ്പെട്ട വഴി അല്ലാഹു നമുക്ക് കാണിച്ചുതന്നിരിക്കുന്നു. അല്ലാഹുവിനേയും റസൂലിനേയും അധികാരസ്ഥരേയും അനുസരിക്കുകയും അത് നിർബന്ധമാക്കുകയും ചെയ്യുക എന്നതാണത്. അല്ലാഹു നിങ്ങളിൽ കരുണ ചെയ്തുകൊണ്ട് നിങ്ങളുടെ അന്ത്യം നല്ലതാക്കിത്തീർക്കുന്നതാണ്.

ഇതുസംബന്ധമായി, എങ്ങനെയാണ് നാം അനുസരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് നബി (സ) തിരുമേനി പറഞ്ഞു: എന്റെ അമീറിനെ അനുസരിക്കൽ എന്നെ അനുസരിക്കലാണ്. എന്നെ അനുസരിക്കുക എന്നാൽ അല്ലാഹുവിനെ അനുസരിക്കുക എന്നാണ്. എന്റെ അമീറിനെ അനുസരിക്കാതിരിക്കൽ എന്നെ അനുസരിക്കാതിരിക്കലാണ്. എന്നെ അനുസരിക്കാതിരിക്കൽ അല്ലാഹുവിനെ അനുസരിക്കാതിരിക്കലാണ്. ഓരോ അഹ്മദിയും എപ്പോഴും ഇത് മനസ്സിൽ വയ്ക്കേണ്ടതാണ്. ഇതുതന്നെയാണ് നമ്മുടെ അടിത്തറ. ഇതുതന്നെയാണ് നമ്മുടെ ബഹുമതി. ഇതുകൂടാതെ ജമാഅത്തിനെക്കുറിച്ചുള്ള ഭാവനതന്നെയില്ല.

അല്ലാഹു ഖുർആനിൽ മറ്റൊരിടത്ത് പറയുന്നു: ***അത്വീഉല്ലാഹ വർറസൂല ലഅല്ലക്കും തുർഹമൂൻ.*** അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുക, നിങ്ങളിൽ കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി. അല്ലാഹുവിന്റെ ഈ കരുണ കരസ്ഥമാക്കുന്നതിനുവേണ്ടി അവനേയും അവന്റെ റസൂലിനേയും അനുസരിക്കേണ്ടിവരും. ഈ കരുണ നേടുന്നതിനുവേണ്ടി എല്ലാവരും ശ്രമിക്കേണ്ടതാണ്. മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, അനുസരണം നിസ്സാര കാര്യമല്ല. അതുകൊണ്ട് അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കുന്നതിനുവേണ്ടി അനുസരണവൃത്തത്തിൽതന്നെ ഒരഹ്മദി ഇരിക്കേണ്ടതാണ്. **സഹിക്കാൻ പറ്റാത്ത ഒരുപാട് കാര്യങ്ങൾ ഭാരവാഹികളിൽനിന്നും അമീറുമാരിൽനിന്നും ഉണ്ടാകാറുണ്ട്. പക്ഷേ, ജമാഅത്തിന്റെ അന്തസ്സിനും ശുഭപര്യവസാനത്തിനും വേണ്ടി അത് സഹിക്കേണ്ടതായിവരും. ഈ ക്ഷമയ്ക്ക് പ്രതിഫലവുമുണ്ട്.**

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: ആരാണോ തന്റെ ഭരണാധികാരിയിൽ വെറുക്കപ്പെട്ട പ്രവൃത്തി കാണുന്നത്, അവൻ ക്ഷമിച്ചുകൊള്ളട്ടെ. കാരണം ആരാണോ വ്യവസ്ഥിതിയിൽ നിന്ന് ഒരു ചാൺ അകലുന്നത് അവന്റെ മരണം ജാഹിലിയ്യത്തിന്റെ മരണമായിരിക്കും. ഈ ജാഹിലിയ്യത്തിന്റെ മരണത്തിൽനിന്നും രക്ഷപ്പെടുന്നതിനായി അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കുന്നതിന് അനുസരണം നിർബന്ധമാണ്.

അല്ലാഹു എല്ലാ അഹ്മദികളേയും ജഹാലത്തിൽനിന്ന് രക്ഷപ്പെടുത്തിക്കൊണ്ട് സന്മാർഗ്ഗത്തിൽ നിലനിർത്തുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അനുസരണം പൂർണ്ണമായാൽ സന്മാർഗ്ഗം പൂർണ്ണമാകും. നമ്മുടെ ജമാഅത്തിലെ ആളുകൾ നല്ലവണ്ണം കേൾക്കേണ്ടതാണ്, നമ്മളിൽ നിന്ന് അനുസരണത്തിന് വിരുദ്ധമായ പ്രവൃത്തികൾ ഉണ്ടാവാതിരിക്കാൻ അല്ലാഹുവിനോട് തൗഫീഖ് തേടേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഒന്നും ലഭിക്കുകയില്ല. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് അല്ലാഹുവിന്റെ മുമ്പിൽ കുനിയുക, അവനോട് സഹായം തേടുക എന്ന്. വീണ്ടും അവിടന്ന് പറയുന്നു. "ചുരുക്കത്തിൽ സഹാബത്തിന്റേതുപോലുള്ള അവസ്ഥയും ഐക്യവും ഇപ്പോഴും ആവശ്യമുണ്ട്. കാരണം മസീഹ് മൗഊദിന്റെ കയ്യാൽ തയ്യാറാക്കപ്പെടുന്ന ഈ ജമാഅത്തിനെ അല്ലാഹുതആല നബിതിരുമേനി(സ) തയ്യാർ ചെയ്തെടുത്ത ആ ജമാ

അത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ജമാഅത്തിന്റെ വളർച്ച അത്തരക്കാരുടെ ജീവിതമാതൃകയിലൂടെയാണ് ഉണ്ടാകുന്നത്. അതുകൊണ്ട് മസീഹ് മൗഊദിന്റെ ജമാഅത്തെന്ന് പറഞ്ഞുകൊണ്ട് സഹാബത്തിന്റെ ജമാഅത്തുമായി ചേരാൻ ആഗ്രഹിക്കുന്ന നിങ്ങൾ നിങ്ങളുടെ ഉള്ളിൽ സഹാബത്തിന്റെ നിറം ഉണ്ടാക്കിത്തീർക്കുക. അനുസരിക്കുന്നെങ്കിൽ അവർ അനുസരിച്ചതുപോലെ അനുസരിക്കുക. അവിടെ സ്നേഹവും സാഹോദര്യവും ഉണ്ടായിരുന്നെങ്കിൽ ഇവിടേയും അങ്ങനെതന്നെയാണ് ഉണ്ടാവേണ്ടത്. ചുരുക്കത്തിൽ എല്ലാവിധത്തിലും എല്ലാ രീതിയിലും നിങ്ങൾ സഹാബത്തിന്റെ ആ രൂപം പ്രാപിക്കുക."

സഹാബത്തിന്റെ അനുസരണം എങ്ങനെയുള്ളതായിരുന്നു. അതിനൊരുദാഹരണം ഞാൻ പറയാം. ഇത് ഒരുപാട് പ്രാവശ്യം നിങ്ങൾ കേട്ടുകഴിഞ്ഞതാണ്. ആ കാഴ്ച എപ്പോഴും നിങ്ങളുടെ മുമ്പിലുണ്ടാവണം. മദ്യം ഹറാമാക്കിക്കൊണ്ടുള്ള കല്പന വന്നപ്പോൾ കുറച്ച് സഹാബിമാർ ഇരുന്ന് മദ്യപിക്കുകയായിരുന്നു. വിളംബരം ചെയ്യുന്നയാൾ മദ്യം നിഷിദ്ധമായിരിക്കുന്നുവെന്ന് വിളിച്ചുപറഞ്ഞപ്പോൾ ഒരു സഹാബി എഴുന്നേറ്റ് തന്റെ കയ്യിലിരുന്ന വടികൊണ്ട് മദ്യകുടങ്ങൾ തല്ലിയുടയ്ക്കാൻ തുടങ്ങി. അപ്പോൾ അന്വേഷിച്ചിട്ടുപോരെ ഇതുടയ്ക്കാൻ എന്നാരോ ചോദിച്ചു. അദ്ദേഹം പറഞ്ഞു. അങ്ങനെയല്ല. കേട്ടാൽ ആദ്യം പ്രവർത്തിക്കുക. ഇതാണ് അനുസരണം. അതിനുശേഷം എന്താണ് യഥാർത്ഥ കല്പനയെന്ന് മനസ്സിലാക്കിക്കൊള്ളുക.

ഈ ആവേശമാണ് ഓരോ അഹ്മദിയും ഉണ്ടാക്കേണ്ടത്. ഞങ്ങളോട് പ്രത്യേകമെന്തെങ്കിലും പറഞ്ഞാൽ അനുസരിക്കും. ഇല്ലെങ്കിൽ ഇല്ലായെന്ന നിലപാട് പാടില്ല. പൊതുവെ ഖലീഫമാർ അവരുടെ കാലങ്ങളിൽ പറഞ്ഞുകൊണ്ടിരുന്നതും പറയുന്നതുമായ എല്ലാ കാര്യങ്ങളേയും അനുസരിക്കുകയും അംഗീകരിക്കുകയുമാണ് യഥാർത്ഥ അനുസരണം. അല്ലാതെ കല്പന കേട്ടതിനുശേഷം അതിന്റെ പിന്നിലുള്ള വികാരമെന്തായിരുന്നുവെന്ന് അന്വേഷിച്ചു നടക്കലല്ല. എന്താണോ മനസ്സിലായത് അത് പെട്ടെന്ന് അനുസരിക്കുക. അപ്പോഴാണ് ആ നന്മയുടെ പ്രതിഫലം കിട്ടുന്നത്. എന്തെങ്കിലും കൺഫ്യൂഷനുണ്ടെങ്കിൽ പിന്നീടത് അകറ്റാവുന്നതേയുള്ളൂ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് തന്ന പാഠമനുസരിച്ച് ഓരോ അഹ്മദിയും അവരുടെ അനുസരണത്തിന്റെ മാതൃക ഉയർത്തുകയും അതനുസരിച്ച് നടക്കാൻ പൂർണ്ണമായും ശ്രമിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ കൃപയാൽ ജമാഅത്ത് വളരുന്നതനുസരിച്ച് അല്ലാഹുവിന്റെ അനുഗ്രഹവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പുതിയതായി വരുന്നവർ ശിക്ഷണം കുറഞ്ഞ കാരണത്താൽ ചില പുതിയ കാര്യങ്ങൾ കൂടെ കൊണ്ടുവരുന്നു. പഴയ അഹ്മദികൾ സമൂഹത്തിന്റെ സ്വാധീനത്തിന് വിധേയരാകുന്നു. അതുകൊണ്ട് അടിസ്ഥാനപരമായ കല്പന മറന്നുപോകുന്നു. അതിനാൽ ഇസ്തിഗ്ഫാർ അധികമായി ചെയ്യുക. ഇന്ന് അത് ഒരുപാട് ആവശ്യമുണ്ട്. ഐശ്വര്യകാലത്ത് ഇസ്തിഗ്ഫാർ അധികമായി ചെയ്യാനാണ് അല്ലാഹു കല്പിച്ചിട്ടുള്ളത്. കാരണം ഈ ഇസ്തിഗ്ഫാർ ഈമാനേയും ശക്തിപ്പെടുത്തിക്കൊണ്ടിരിക്കും. അനുസരണത്തിന്റെ നിലയും ഉയർത്തിക്കൊണ്ടിരിക്കും. അതുമുഖേന തിന്മകൾ അകലും. നമ്മൾ എപ്പോഴും ശ്രദ്ധിക്കണം- നമ്മുടെയുള്ളിൽ ഏതെങ്കിലും തറവാടിത്തത്തിന്റെ മുദ്ര കാണാൻ പാടില്ല. ഏതെങ്കിലും സംസ്കാരത്തിന്റെ മുദ്രയും കാണാൻപാടില്ല. ഏതെങ്കിലും ദേശവാസിയാണെന്നുള്ള മുദ്രയും കാണാൻ പാടില്ല. ഏതെങ്കിലും മുദ്ര കാണുകയാണെങ്കിൽ, അത് നബി(സ) സ്ഥാപിച്ചതും നമ്മുടെ മുമ്പിൽ ഉള്ളതുമായ ആ ഉത്തമമായ മാതൃകയുടെ മുദ്രയേ കാണാൻ പാടുള്ളൂ. അത് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇന്ന് നമ്മുടെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നു. അവിടന്ന് പറഞ്ഞതുപോലെ തൗഹീദ് സ്ഥാപിക്കുന്നതിനുവേണ്ടി സഹാബത്ത് ചെയ്തതുപോലുള്ള ആരാധന നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കേണ്ടതാണ്. അനുസരണത്തിന്റെ നില മുമ്പത്തേക്കാൾ കൂടുതൽ കാണിക്കാൻ ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. ഇതൊന്നുമാത്രമാണ് ജമാഅത്തിന്റെ അന്തസ്സിനെ ഉയർത്തുന്നത്. ജമാഅത്തിന്റെ അഭിവൃദ്ധിക്കു കാരണമാകുന്നതും ഇതുതന്നെ. ഇൻശാഅല്ലാഹ്.

ജമാഅത്തിന്റെ അന്തസ്സിനും പവിത്രതയ്ക്കും വേണ്ടി തങ്ങളുടെ തൻപ്രമാണിത്തം അവസാനിപ്പിച്ചുകൊണ്ട് അനുസരണത്തിന്റെ ഉന്നതമായ നില നാട്ടാൻ ഓരോ അഹ്മദിക്കും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തിൽനിന്നും മുറിച്ചുമാറ്റി തങ്ങളെ ജാഹിലിയ്യത്തിന്റെ മരണത്തിന്നിരയാകുന്നവരാക്കി തീർക്കാതിരിക്കട്ടെ. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. എല്ലാവരുടെമേലും അനുഗ്രഹവും ചൊരിയട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 9.6.2006 at Mal Market, Manhaim, Germany

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org